# പ്രവാചക സുന്നത്തിനോട് പ്രിയംവെക്കുക

കബീർ എം. പറളി

ഇസ്‌ലാമിന്റെ സമ്പൂർണ്ണത വിശുദ്ധ ഖുർആനും പ്രവാചക തിരുമേനി(സ)യും വ്യക്തമാക്കിയിട്ടുള്ള താണ്. സന്ദേഹമില്ലാത്ത ഒരാദർശമെന്ന നിലക്ക് ആർക്കും സമീപിക്കാ വുന്ന ദീനാണ് ഇസ്‌ലാം. കാലഘട്ടങ്ങളുടെ മാറ്റത്തിനനുസരിച്ച്, ഖണ്ഡിതമായി പഠിപ്പിക്കപ്പെട്ട ഒരൊറ്റ പാഠവും തിരുത്തേണ്ടതായൊ കൂട്ടിച്ചേർക്കേണ്ടതായൊ ഇസ്‌ലാമിലില്ല. ഖുർആൻ പറയുന്നു:

''ഇന്ന് ഞാൻ നിങ്ങൾക്ക് നിങ്ങളുടെ മതം പൂർത്തിയാക്കി തന്നിരിക്കുന്നു. എന്റെ അനുഗ്രഹം നിങ്ങൾക്ക് ഞാൻ നിറവേറ്റിത്തരികയും ചെയ്തിരിക്കുന്നു. മതമായി ഇസ്‌ലാമിനെ ഞാൻ നിങ്ങൾക്ക് തൃപ്തിപ്പെട്ട് തന്നിരിക്കുന്നു.'' (മാഇദ: 3)

മാനവരാശിയുടെ ജീവിത മേക്ഷത്തിന് അല്ലാഹു തൃപ്തിപ്പെട്ടു തന്ന ഈ വിശുദ്ധ ദീനിനെ, കണിശമായ കൃത്യതയോടെയാണ് പ്രവാചകൻ(സ) നമ്മെ പഠിപ്പിക്കുകയും പരിശീലിപ്പിക്കുകയും ചെയ്തിട്ടുള്ളത്. ശ്രമകരമായിരുന്നു ദൗത്യനിർവ്വഹണമെങ്കിലും, തിരുമേനി(സ) പരിപൂർണ്ണ സംതൃപ്തനായിട്ടായിരുന്നു ഭൂമിയിൽ നിന്നും വിടവാങ്ങിയത്. തന്നിലൂടെ സമ്പൂർണ്ണമായ അനുഗൃഹീത ദീനിൽ മനവും തനുവുമർ പ്പിച്ച് ജീവിക്കുന്ന ഒരു വലിയ സമൂഹത്തെ കൺമുന്നിൽ കണ്ടും അവരുടെ സ്നേഹവായ്പുകളും അർപ്പണശീലവും അനുഭവിച്ചുമാണ് അവിടുന്ന് മരണമടഞ്ഞത്. അന്ത്യനാൾവരെയുള്ള സത്യവിശ്വാസി കൾ പ്രവാചകൻ നൽകിയതിൽ നിലകൊള്ളുകയും അവിടുന്ന് വിരോധിച്ചവയിൽ നിന്ന് അകന്നു നിൽക്കുകയും ചെയ്യേണ്ടതാണ്. ഖുർആൻ പറഞ്ഞു:

''നിങ്ങൾക്കു റസൂൽ നൽകിയതെന്തോ അത് നിങ്ങൾ സ്വീകരിക്കുക. എന്തൊന്നിൽ നിന്ന് അദ്ദേഹം നിങ്ങളെ വിലക്കിയോ അതിൽ നിന്ന് നിങ്ങൾ ഒഴിഞ്ഞ് നിൽക്കുകയും ചെയ്യുക. നിങ്ങൾ അല്ലാഹുവെ സൂക്ഷിക്കുകയും ചെയ്യുക. തീർച്ചയായും അല്ലാഹു കഠിനമായി ശിക്ഷിക്കുന്നവനാണ്.'' (ഹശ്ർ : 7)

ഇസ്‌ലാം അതിന്റെ വിശ്വാസം കൊണ്ടും ആരാധനകൾ കൊണ്ടും ആചാരങ്ങൾ കൊണ്ടും ലളിതമാണ്. പ്രസ്തുത സംഗതികളിലെല്ലാം വഹിക്കാനാകാത്ത ഭാരങ്ങളും, അഴിക്കാനാകാത്ത ചങ്ങലകളുമായി നിലകൊണ്ടിരുന്ന ഒരു സമൂഹത്തിലായിരുന്നു ഇതിന്റെ അവതരണം. അടിസ്ഥാനമില്ലാത്ത വിശ്വാസ ങ്ങളും, വിവേകശൂന്യമായ അനുഷ്ഠാനങ്ങളും, അസഹ്യമായ ആചാരങ്ങളും തീർത്ത സകല ഭാരങ്ങളും ആ സമൂഹത്തിന്റെ ചുമലിൽ നിന്നും അല്ലാഹുവിന്റെ ദൂതൻ ഇറക്കിവെക്കുകയുണ്ടായി. ഖുർആൻ പറയുന്നു:

''അവരോട് അദ്ദേഹം സദാചാരം കൽപിക്കുകയും, ദുരാചാരത്തിൽ നിന്ന് അവരെ വിലക്കുകയും ചെയ്യുന്നു. നല്ല വസ്തുക്കൾ അവർക്ക് അനുവദനീയമാക്കുകയും, ചീത്ത വസ്തുക്കൾ അവരുടെ മേൽ നിഷിദ്ധമാക്കുകയും ചെയ്യുന്നു. അവരുടെ ഭാരങ്ങളും അവരുടെ മേലുണ്ടായിരുന്ന വിലങ്ങുകളും അദ്ദേഹം ഇറക്കിവെക്കുകയും ചെയ്യുന്നു.'' (അഅ്റാഫ്: 157)

വിശ്വാസിയുടെ ജീവിത ലക്ഷ്യം സ്വർഗപ്രവേശമാണ്. അതിനുതകുന്ന സകലതും പ്രവാചകന്റെ ജീവിത ത്തിൽ സമൃദ്ധവുമാണ്. വിശുദ്ധ ഖുർആൻ അത് ഇങ്ങനെ വ്യക്തമാക്കി:

''തീർച്ചയായും നിങ്ങൾക്ക് അല്ലാഹുവിന്റെ ദൂതനിൽ ഉത്തമമായ മാതൃകയുണ്ട്. അതായത് അല്ലാഹു വെയും അന്ത്യദിനത്തെയും പ്രതീക്ഷിച്ചു കൊണ്ടിരിക്കുകയും, അല്ലാഹുവെ ധാരാളമായി ഓർമിക്കുകയും ചെയ്തു വരുന്നവർക്ക്.'' (അഹ്സാബ്: 21)

പ്രവാചക തിരുമേനി(സ) ഒരിക്കൽ പറഞ്ഞു: ''ധവളിമയാർന്ന രേഖയിലാണ് നിങ്ങളെ ഞാൻ വിട്ടേച്ച് പോകുന്നത്. അതിന്റെ രാവും പകൽപോലെ വെട്ടമാർന്നതാണ്. നശിച്ചവനല്ലാതെ അതിൽ നിന്നും വഴിമാറുകയില്ല.'' (ഇബ്നു മാജ)

അല്ലാഹുവിനെ സ്നേഹിക്കുന്ന, അല്ലാഹുവിന്റെ സ്നേഹമാഗ്രഹിക്കുന്ന ഏതൊരു വിശ്വാസിയും പ്രവാചക സുന്നത്തിനെ അക്ഷരം പ്രതി അനുസരിച്ചേ മതിയാകൂ. തിരുമേനി(സ)യുടെ അധ്യാപനങ്ങളെ സ്വീകരിക്കാതിരിക്കലും, അവിടുത്തെ അധ്യാപനങ്ങളിൽ വർദ്ധനവു നടത്തി ആചരിക്കലും ഒരുപോലെ കുറ്റകരമായ സംഗതിയാണ്. ഒരിക്കൽ അവിടുന്ന് പറഞ്ഞു:

അബൂഹുറൈറ(റ) പറയുന്നു: ''നബി(സ) അരുളി: എന്റെ അനുയായികളെല്ലാവരും സ്വർഗ്ഗത്തിൽ പ്രവേ ശിക്കും. നിരസിച്ചവർ പ്രവേശിക്കുകയില്ല. അവർ ചോദിച്ചു: പ്രവാചകരേ! ആരാണ് നിരസിക്കുന്നവർ?.

നബി(സ) അരുളി: എന്നെ വല്ലവനും അനുസരിച്ചാൽ അവൻ സ്വർഗ്ഗത്തിൽ പ്രവേശിക്കും. എന്റെ കൽപന ലംഘിച്ചവൻ നിരസിച്ചവനാണ്.'' (ബുഖാരി)

പ്രവാചകന്റെ ജീവിതമാണ് എക്കാലത്തും എല്ലാവർക്കും പിന്തുടരാവുന്ന ചന്തമാർന്ന മാതൃക. വിശുദ്ധ ഖുർആനിന്റെ തനിപ്പകർപ്പാണത്. മുസ്ലിം ഉമ്മത്തിന്റെ ഭൗതികാഭിവൃദ്ധിയും പാരത്രികരക്ഷയും ആ ജീവിത മാതൃക അഥവ സുന്നത്ത് അനുധാവനം ചെയ്യുന്നതിലൂടെ മാത്രമായിരിക്കും ലഭ്യമാവുക. അല്ലാഹു പറയുന്നു:

''അല്ലാഹുവെയും റസൂലിനെയും അനുസരിക്കുകയും, അല്ലാഹുവെ ഭയപ്പെടുകയും അവനോട് സൂക്ഷ്മത പുലർത്തുകയും ചെയ്യുന്നവരാരോ അവർ തന്നെയാണ് വിജയം നേടിയവർ.'' (നൂർ: 57)

തന്റെ ഉമ്മത്തിനോട് സ്നേഹവും ദയയും, അവരുടെ ഉന്നമനത്തിനു വേണ്ടിയുള്ള ആഗ്രഹവും ദുആയും കാത്തു സൂക്ഷിച്ചിരുന്ന പ്രവാചകൻ(സ്വ), നമുക്ക് ഒരു സന്തോഷവാർത്തയും ഗൗരവപ്പെട്ട മറ്റൊരു താക്കീതും നൽകിയാണ് ഇഹലോകവാസം വെടിഞ്ഞിട്ടുള്ളത്.

സന്മാർഗത്തിന്റെ മഹിമയും മധുരവുമറിയുന്ന ഏതൊരു വിശ്വാസിയും അത് വിനഷ്ടമാകുന്നതിനെ കരുതിയിരിക്കും. നേരായ മാർഗത്തിലാണ് ജീവിക്കുന്നത് എന്ന് ബോധ്യമുള്ളപ്പോഴും ഞങ്ങളെ നീ നേരായ മാർഗത്തിലേക്ക് വഴിനടത്തേണമേ എന്നവൻ പ്രാർഥിച്ചുകൊണ്ടിരിക്കും. ഹിദായത്തിൽ നിന്നും വഴിമാറിജീവിക്കുന്ന ഒരു നിമിഷത്തെപ്പോലും അവന്ന് ഭയമായിരിക്കും. അങ്ങനെയുള്ളവർക്കായി തിരുമേനി(സ്വ) നിൽകിയ സന്തോഷവാർത്തയാണ്:

''രണ്ട് കാര്യങ്ങൾ നിങ്ങൾക്കു നൽകിയാണ് ഞാൻ പോകുന്നത്. അവ രണ്ടും മുറുകെ പിടിച്ച് ജീവിക്കുവോളം നിങ്ങൾ വഴിപിഴക്കുകയില്ല. അല്ലാഹുവിന്റെ കിതാബും എന്റെ സുന്നത്തുമാകുന്നു അവ.'' (മുവത്വ)

അമാതാവേശക്കാർ എല്ലാ രംഗത്തുമുണ്ട്. സ്ഥാപിത താത്പര്യക്കാർക്ക് അവരെ വേഗം വശപ്പെടുത്താൻ കഴിയും. വിശ്വാസികളിൽ ദുർബലർ അമിതാവേശക്കാരാണ്. അവർ ഏത് സമയത്തും ശരിയായ ദിശയിൽ നിന്നും മാറി ജീവിക്കാനിടയുണ്ട്. മുസ്ലിം ഉമ്മത്തിലും അത്തരക്കാരുണ്ടാകും. അവർക്കായി നബി(സ്വ) നൽകിയ ഗൗരവപ്പെട്ട താക്കീതാണ്:

''നിങ്ങൾക്ക് മുമ്പുണ്ടായിരുന്നവരുടെ നടപടികളെ ചാൺചാണായും മുഴംമുഴമായും നിങ്ങൾ അനുഗമിക്കുന്നതാണ്. എത്രത്തോളമെന്നാൽ അവർ ഒരു ഉടുമ്പിൻ മാളത്തിൽ പ്രവേശിച്ചിട്ടുണ്ടെങ്കിൽ പ്രവേശിച്ചിട്ടുണ്ടെങ്കിൽ നിങ്ങളും അവരെ അനുഗമിക്കും. സ്വഹാബികൾ ചോദിച്ചു: അല്ലാഹുവിന്റെ റസൂലേ, മുമ്പുണ്ടായിരുന്നവർ എന്നതു കൊണ്ട്, ജൂതക്രൈസ്തവരെയാണൊ താങ്കൾ ഉദ്ദേശിച്ചത്? നബി(സ്വ) പറഞ്ഞു: പിന്നെ ആരെയാണ്?'' (ബുഖാരി, മുസ്ലിം)

മേൽ പ്രസ്താവിക്കപ്പെട്ട, പ്രവാചകന്റെ സന്തോഷവാർത്തയെ അക്ഷരം പ്രതി പാലിക്കുന്ന സമൂഹവും, അവിടുത്തെ താക്കീതിനെ നേർക്കുനേർ സാക്ഷീകരിക്കുന്ന സമൂഹവും മുസ്ലിം ഉമ്മത്തിൽ നിലനിൽക്കുന്നുണ്ട്. വിശുദ്ധ ഖുർആനും പ്രവാചകന്റെ സുന്നത്തും മുറുകെപ്പിടിച്ച്, അവ രണ്ടിലേക്കും ജനങ്ങളെ ക്ഷണിച്ച്, അതിന്റെ മാർഗത്തിൽ പ്രയാസങ്ങൾ സഹിച്ച് നിലകൊള്ളുന്ന ആദ്യപക്ഷം, പക്ഷെ എണ്ണത്തിൽ കുറവാണ്. പ്രവാചകന്റെ താക്കീതിനെ അവഗണിക്കുകയും, തിരുമേനിയുടെ സുന്നത്തിൽ പൂർവ സമുദായങ്ങളുടെ പുതിയ ആചാരങ്ങൾ കടത്തിക്കൂട്ടി ആചരിക്കുകയും, പുത്തനാചാരങ്ങളുടെ പ്രചരണ മാർഗത്തിൽ നിലകൊള്ളുകയും ചെയ്യുന്ന രണ്ടാമത്തെ പക്ഷം എണ്ണത്തിൽ കൂടുതലും, വ്യാപകവുമാണ്.

മുസ്ലിം സമൂഹം വളരെ ശോചനീയമായ ചുറ്റുപാടിലാണ് ഇന്നുള്ളത്. അവരുടെ വിശ്വാസ ആചാര ആരാധനാ രംഗങ്ങളിൽ ഖുർആനും സുന്നത്തും സാധൂകരിക്കാത്ത ഒട്ടേറെ സംഗതികൾ കടന്നുകൂടിയിട്ടുണ്ട്. പ്രവാചകന്നൊ, ഉത്തമ നൂറ്റാണ്ടിലെ സച്ചരിതർക്കൊ പരിചയമില്ലാത്ത സമ്പ്രദായങ്ങളും ആരാധനകളും അവരുടെ പ്രയാണദിശതന്നെ മാറ്റിയിരിക്കുകയാണ്. അഥവാ നബി(സ്വ) ജാഹിലിയ്യാ സമൂഹത്തിൽ നിന്നും ഇറക്കി വെച്ച സകല ഭാരങ്ങളും ചങ്ങലകളും മുസ്ലിംകൾ എടുത്തണിഞ്ഞിരിക്കുകയാണ് എന്നർഥം!

സുന്നത്തുകളോടല്ല, ബിദ്അത്തുകളോടാണ് ആളുകൾക്ക് പ്രിയം. സമൂഹത്തിൽ താനെയുണ്ടായ പ്രവണതയല്ല ഇത്. ചൂഷണപ്രിയരായ മതപുരോഹിതന്മാർ ആളുകളിലുണ്ടാക്കിത്തീർത്ത വിപത്താണിത്. അല്ലാഹുവിനെ സംബന്ധിച്ച ശരിയായ വിശ്വാസം പഠിപ്പിക്കുന്നതിനു പകരം, ഔലിയാക്കളെ സംബന്ധിച്ച അന്ധവിശ്വാസങ്ങളാണ് അവർ പഠിപ്പിക്കുന്നത്. പ്രവാചകൻ പറഞ്ഞു തന്ന ദിക്റുകളും ദുആകളുമല്ല, സൂഫികളും ത്വരീഖത്തുകാരും പടച്ചുണ്ടാക്കിയ വിർദുകളും, ദുറൂദുകളുമാണ് അവർ ആചരിപ്പിക്കുന്നത. ഇസ്ലാമിലെ ആചാരങ്ങൾക്കു പകരം മാമൂലുകളാണ് ജനങ്ങളെ ശീലിപ്പിക്കുന്നത്.

സമൂഹത്തിൽ മാറ്റങ്ങളുണ്ടാകുമ്പോഴും ബിദ്അത്തിന്റെ പ്രചാരകർ സജീവമായി രംഗത്തു തന്നെയുണ്ട്. മാലകളും മൗലിദുകളും അതിന്റെ ആദിഭാവത്തിലല്ലെങ്കിലും പുതിയ രൂപഭാവങ്ങളിൽ നിലനിർത്താൻ കിണഞ്ഞ ശ്രമത്തിലാണവർ. മരണപ്പെടുന്നവന്റെ തലപ്പുറത്ത് ആലപിക്കപ്പെട്ട ബൂസ്വൂരിയുടെ ബുർദ, ഇന്ന് 'ആസ്വാദനസദസ്സു'കളിലൂടെ തിരിച്ചു വരികയാണ്. വീടുകളിൽ നിന്ന് അന്യംനിന്ന മാലപ്പാട്ടുകൾ സംഗീതാകമ്പടികളോടെ പിടിച്ചു നിൽക്കുകയാണ്. റാത്തീബുകൾ ദിക്ർ ഹൽഖകൾക്ക് വഴിമാറിയിരിക്കുന്നു. പള്ളിക്കകത്തൊതുങ്ങിയിരുന്ന വിവിധതരം സ്വലാത്തുകകളെ, ചില തങ്ങന്മാർ 'കഷ്ടപ്പെട്ട്' നഗറുകളിലേക്ക് മാറ്റിയിരിക്കുന്നു. കാടുപിടിച്ചു കിടന്ന ഖബറിടങ്ങൾ ആണ്ടറുതികൾക്കും, നേർച്ചപ്പൂരങ്ങൾക്കുമായി സജീവമായിക്കൊണ്ടിരിക്കുകയാണ്. ഒരുകാലത്ത് ശിയാക്കൾക്കിടയിൽ സാർവ്വത്രികമായിരുന്ന ദിനാചരണങ്ങൾ കേരള മുസ്ലിംകൾക്കിടയിലും വ്യാപിച്ചു കഴിഞ്ഞിട്ടുണ്ട്. നബിദിനാചരണവും, ജീലാനീ ദിനാചരണവും വിട്ട് ആശൂറ, ഇസ്റാഅ്, മിഅ്റാജ്, ഹിജ്റ, ബദ്ർ തുടങ്ങിയ ദിനാചരണങ്ങൾക്ക്, പുത്തനാചാരങ്ങൾക്ക് പൗരോഹിത്യം നേതൃത്വം നൽകിക്കഴിഞ്ഞു. പ്രവാചക സുന്നത്തിലൊ, സ്വഹാബത്തിന്റെ ജീവിതത്തിലൊ നമക്ക് കാണാനാകാത്ത ആചാരങ്ങൾ ദീനിന്റെ മുണ്ടുടുത്ത് ഇനിയും സമൂഹത്തിലെമ്പാടുമുണ്ട്. പൂർവസമുദായങ്ങളുടെ ചാണും മുഴവും കോപ്പിയടിച്ച് പുതിയപുതിയ ആചാരങ്ങൾക്ക് യാഥാസ്ഥിതിക നേതൃത്വം മേൽവിലാസമുണ്ടാക്കി ക്കൊണ്ടിരിക്കുകയാണ്.

ഖുർആനിനോടും സുന്നത്തിനോടും സ്നേഹവും കൂറുമുള്ള ആളുകൾക്ക് ബിദ്അത്തുകളെ നോക്കി നിൽക്കാനാകില്ല. മുബ്തദിഉകളോട് രാജിയാകാനുമാകില്ല. നന്മയുപദേശിക്കുക, തിന്മ വിരോധിക്കുക എന്ന ഉത്തരവാദിത്തമേറ്റെടുത്ത പ്രസ്ഥാനങ്ങൾ അവർക്കെതിരെ ശബ്ദിച്ചു കൊണ്ടേയിരിക്കും. കേരളക്കരയിലെ മുസ്ലിംകൾക്കിയയിൽ നിലനിന്ന ശിർക്ക് ബിദ്അത്തുകളുടെ അതിപ്രസരത്തെ ഖുർആനും സുന്നത്തുമുപയോഗിച്ച് പ്രതിരോധിച്ച ഇസ്ലാഹീ പ്രസ്ഥാനം ഇപ്പോഴും ശബ്ദിച്ചു കൊണ്ടിരിക്കുകയാണ്. പ്രവാചക മാതൃകക്കന്യമായ സകല വിശ്വാസങ്ങളേയും ആചാരങ്ങളേയും, മുസ്ലിംകളോടുള്ള ഗുണകാംക്ഷയോടെ, അല്ലാഹുവിൽ നിന്നുള്ള പ്രതിഫലേച്ഛയോടെ ഈ പ്രസ്ഥാനം വിപാടനം ചെയ്യുകയാണ്. ശിർക്കിന്റേയും ബിദ്അത്തിന്റേയും വളർച്ചയും അവയുടെ പ്രചാരകരുടെ സംഖ്യാബലവും അത് കാര്യമാക്കുന്നേയില്ല. എന്തു കൊണ്ടെന്നാൽ ഖുർആൻ പറയുന്നു:

(നബിയേ,) പറയുക: ദുഷിച്ചതും നല്ലതും സമമാകുകയില്ല. ദുഷിച്ചതിന്റെ വർദ്ധനവ് നിന്നെ അത്ഭുതപ്പെടു ത്തിയാലും ശരി. അതിനാൽ ബുദ്ധിമാൻമാരേ, നിങ്ങൾ അല്ലാഹുവെ സൂക്ഷിക്കുക. നിങ്ങൾ വിജയം പ്രാപിച്ചേക്കാം. (മാഇദ: 100)

●